[Sri. T. T. Kesavan Sastri]

ഈ നിയമസഭ ഏകകണ്ഠമായി എന്നെ ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുവാൻ സംഗതിയായിരിക്കുന്നു. കഴിഞ്ഞ കാലഗതി ബഹുമാനപ്പെട്ട മെമ്പർമാർ അനുസ്മരിക്കാതിരിക്കയില്ലല്ലോ. രാജായത്ത ഭരണകാലത്തും അധഃകൃതരായി അധഃസ്ഥിതരായി ഒരു വലിയ ജനതതി ഇവിടെ കഴിഞ്ഞിരുന്നു. ഇവരെ ഉദ്ധരിക്കുന്നതിനു രാജായത്ത ഭരണകാലത്തും പല നല്ല പ്രവർത്തനങ്ങളും ചെയ്തിരുന്നു. രാജായത്ത ഭരണംപോയി ജനായത്ത ഭരണത്തിന്റെ ആഗമനത്തിലും പടിപ്പടിയായി പിന്നോക്കസമുദായം ഉദ്ധരിക്കപ്പെടുകയും മുമ്പുണ്ടായിരുന്ന പലവിധ അവശതകളും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്തുവരുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്.

കുന്തി ദേവസ്യ ത്യാഗശീലമസ്മാകം പാർത്ഥ–
സാരഥേർ ധർമ്മരക്ഷാ നൈപുണമനുപാടശം
ശാകൃദേവസ്യ ഹിംസാലേശ രാഹിത്യം ശ്രീമത്–
ശങ്കരാചാര്യസ്വാമി വര്യസ്യ ബുദ്ധിമതാം
രന്തി ദേവസ്യ താദൃക് കാരുണ്യം ഹരിശ്ചന്ദ്ര
ചക്രവർത്തി നഃ സത്യസന്ധതാമനൽപടം
കിം ചശ്രീ മഹാത്മഭ നിഭാ ദേവസ്യ ധൈര്യം
നിഖിലമേതദ്യസ്മിൻ സൃശ്ലിഷ്ടം മഹാത്മനി
കാളശോ ജഗദേക ദേശേഽകോ വിജയതെ
തദ്ദശത്യാഗീ കർമ്മയോഗീ ച വിജയതെ:,

ഏതാദൃശ ഗാന്ധിസമനാണു് ഇന്നത്തെ സ്വതന്ത്ര സ്വതന്ത്രമായ ജനായത്ത സിദ്ധാന്തത്തെ നയിച്ചുകൊണ്ടിരിക്കുന്നതു്. ഇതു ഞാൻ ഈ സന്ദർഭത്തിൽ പറയുന്നതു് ജനായത്താധികാരത്തിനുവേണ്ടി പ്രവർത്തിച്ച സ്വർഗ്ഗീയ ജനാരാധകനായ മഹാത്മഗാന്ധിയും അദ്ദേഹത്തിന്റെ അനുയായികളായ സഹകാരികളും ഹരിജനോദ്ധാരണത്തിൽ ബദ്ധശ്രദ്ധരായതിലാണു്. ഈ തിരഞ്ഞെടുപ്പു് തിരു.–കൊച്ചി സംസ്ഥാനത്തിൽ ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമായി കരുതുന്നതിൽ ആരെങ്കിലും ശങ്കിക്കുമെന്നു ഞാൻ കരുതുന്നില്ല. എന്നെ ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുവാൻ ഇടയായതിൽ ആശിസ്സുകളും നൽകിയും സഹകരണ വാഗ്ദാനങ്ങളും നൽകിയും പ്രോത്സാഹിപ്പിച്ച ബഹു. സാമാജികന്മാരോടും മറ്റെല്ലാ സുഹൃത്തുക്കളോടും അഭ്യുദയകാംക്ഷികളോടും എനിക്കുള്ള അനിതരസാധാരണമായ നന്ദി പ്രത്യേകം പ്രകടിപ്പിച്ചുകൊള്ളുന്നു.

Announcement *re*: Resignation of the Hon'ble Speaker.

മിസ്റ്റർ സ്പീക്കർ: ഒരു വിവരംകൂടി സഭയെ അറിയിക്കണമെന്നു് ആഗ്രഹിക്കുന്നു. അടുത്തദിവസംമുതൽ ഊർജിതത്തിൽ വരത്തക്കവണ്ണം എന്റെ സ്പീക്കർ സ്ഥാനം രാജി കൊടുക്കുന്നതിനും രാജിക്കത്തു് ഡെപ്യൂട്ടി സ്പീക്കറെ ഏല്പിക്കുന്നതിനും ഞാൻ തീരുമാനിച്ചിരിക്കയാണു്. എന്റെ കൃത്യനിർവ്വഹണത്തിൽ ഈ സഭ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാ സഹായസഹകരണങ്ങൾക്കുമായി സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടും, പത്രപ്രതിനിധികളും ഉൾപ്പടെയുള്ള പൊതുജനങ്ങളും പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള അനുഭാവപൂർണ്ണമായ എല്ലാ പ്രോത്സാഹനങ്ങൾക്കുമായി അവരോടും എന്റെ നിഷ്കളങ്കമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ സഭ പിരിയുന്നതും നാളെ കാലത്തു് ഏ മണിക്കു വീണ്ടും കൂടുന്നതുമാണു്.

The House adjourned at 2—45 p. m. to meet again at 11 a. m. on Tuesday, the 18th September 1951

V. KRISHNAMOORTHI,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly